# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഡിസംബർ 12 ചൊവ്വ 2023

Volume: 03, Issue: 17

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## കലാപൂരത്തിൽ വിജയക്കൊടിപാറിച്ച് കുട്ടികലാകാരന്മാർ


പ്രിൻസ് ജോസഫ്


തലശ്ശേരിയെ കലശ്ശേരിയാക്കിയ കൗമാര കലാമേളക്ക് തിരശ്ശീല വീണു. നാല് ദിവസം നീണ്ടു നിന്ന കലാമാമാങ്കത്തിൽ ഇഞ്ചോടിഞ്ച് പോരാട്ടത്തിനൊടുവിൽ കണ്ണൂർ നോർത്ത് വിജയ കിരീടം അണിഞ്ഞു. വാശിയേറിയ റവന്യൂ ജില്ലാ കലോത്സവത്തിൽ മിന്നും പ്രകടനം കാഴ്ചവച്ച് അയ്യൻകുന്ന് പഞ്ചായത്തിലെ സ്കൂളുകളും.



### പൂരക്കളിയിലെ സൂപ്പർ സ്റ്റാറുകൾ



ഹൈസ്കൂൾ വിഭാഗം പൂരക്കളിയിൽ എ ഗ്രേഡോടെ മൂന്നാം സ്ഥാനം കരസ്ഥമാക്കിയതിന്റെ സന്തോഷത്തിലാണ് അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ഹൈസ്കൂൾ. സ്കൂൾ എൻ എസ് എസ് ഓഫീസറും പ്രൊഫഷണൽ പൂരക്കളി പരിശീലകനുമായ കെ അജയ്യുടെ കീഴിൽ ഒരുമാസത്തിലേറെ നീണ്ടു നിന്ന കഠിനമായ പരിശീലനത്തിലൂടെയാണ് 12 പേരടങ്ങുന്ന ടീം സമ്മാനാർഹരായത്.മുണ്ടയാംപറമ്പ് ദേവീക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിലും തുടർന്നുള്ള കലാപരിപാടികളിലും പൂരക്കളി അവതരിപ്പിക്കാൻ ക്ഷണം ലഭിച്ചിട്ടുണ്ട്.

### തുള്ളലിൽ തിളങ്ങി ജോയ്സ് ജോസ്

ഹയർ സെക്കൻഡറി വിഭാഗം ഓട്ടൻ തുള്ളലിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടി ജോയ്സ് ജോസ്. അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയായ ജോയ്സ് കലാമണ്ഡലം മഹേന്ദ്രൻ കൂത്തുപറമ്പിന്റെ ശിക്ഷണത്തിലാണ് ഓട്ടൻ തുള്ളൽ പരിശീലിച്ചു വിജയം കരസ്ഥമാക്കിയത്. ചെറുപ്പം മുതലേ ഡാൻസ് പരിശീലിക്കുന്നുണ്ടെങ്കിലും ഓട്ടൻ തുള്ളലിലേക്ക് കടന്നത് പത്താം ക്ലാസ്സോടു കൂടിയാണ്. ഡാൻസ് ടീച്ചറായ അമ്മ ജിജി ജോസാണ് ആദ്യ ഗുരു.

ഓരോ മത്സരത്തിന് വേദിയിൽ കയറുമ്പോഴും ആദ്യ ഗുരുവായ അമ്മയെ ഓർക്കുമെന്ന് ജോയ്സ് പറയുന്നു. പിതാവ് ജോസുകുട്ടിയുടെയും സഹോദരങ്ങളുടെയും പൂർണ്ണ പിന്തുണ ജോയ്സ് ജോസിനുണ്ട്.

### അലീന മേരി എഴുതുകയാണ്

ഇംഗ്ലീഷ് കവിതാ രചനയിൽ തന്റെ ആദ്യനേട്ടം കൊയ്ത് അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂളിലെ അലീന മേരി തോമസ്. ഹൈസ്കൂൾ വിഭാഗം മത്സരത്തിൽ എ ഗ്രേഡ് നേടിയ അലീനയെ എഴുത്തിന്റെ ലോകത്തേക്ക് കൈ പിടിച്ച് കൊണ്ടുവന്നത് ഇംഗ്ലീഷ് ടീച്ചറായ ആശ മാമ്പള്ളിക്കുന്നേലാണ്. എഴുത്തിൽ കൃത്യമായ പരിശീലനവും തിരുത്തലുകളും ലഭിച്ചതിനാലാണ് ഈ നേട്ടം തനിക്ക് സ്വന്തമാക്കാൻ കഴിഞ്ഞതെന്ന് പറയുന്ന അലീന വരും വർഷങ്ങളിലും മികച്ച പ്രകടനം കാഴ്ച്ചവെക്കാനുള്ള തീവ്രശ്രമത്തിലാണ്.



### കടൽ കടന്നെത്തിയ പ്രശംസ

കേരളാ സന്ദർശനത്തിനെത്തിയ ഓസ്ട്രേലിയൻ സ്വദേശി റിട്ട. അധ്യാപിക ബ്രിഡ്ജറ്റ് തലശ്ശേരിയിലെ കലോത്സവ നഗരി സന്ദർശിക്കുന്നതിനിടെയാണ് ഇവാഞ്ചലിന്റെ വയലിൻ അവതരണത്തിൽ ആകൃഷ്ടയായത്.

ഇവാഞ്ചലിനെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയും ഒപ്പം നിന്ന് സെൽഫി പകർത്തുകയും ചെയ്ത ബ്രിഡ്ജറ്റ് മലയാള സംഗീതത്തെക്കുറിച്ചും നൃത്തരൂപങ്ങളെക്കുറിച്ചും വാചാലയായി.

ഹയർ സെക്കന്ററി വിഭാഗം വയലിൻ വെസ്റ്റേണിൽ ഒന്നാം സ്ഥാനം നേടിയ ഇവാഞ്ചലിൻ എടൂർ സെന്റ് മേരീസ് എച്ച് എസ് എസ് വിദ്യാർത്ഥിനിയാണ്.



*ഇവാഞ്ചലിൻ ഓസ്ട്രേലിയൻ സ്വദേശി ബ്രിഡ്ജിറ്റിനോപ്പം.*

### കഥയിൽ അൽപം കാര്യം

യു.പി വിഭാഗം കഥാപ്രസംഗ മത്സരത്തിൽ എ ഗ്രേഡ് കരസ്ഥമാക്കി കരിക്കോട്ടക്കരി സെന്റ് തോമസ് യു.പി സ്കൂളിലെ അൽഫോൻസ തോമസ്. സ്കൂൾ കലോത്സവത്തിനു പുറമെ മറ്റു മത്സര വേദികളിലും നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയ അൽഫോൻസക്ക് അധ്യാപികയായ സിസ്റ്റർ സീന എഫ് സി സി യാണ് കഥാപ്രസംഗ പരിശീലനം നൽകിയത്. കഥാപ്രസംഗത്തിന് പുറമേ സംഘഗാനത്തിലും നൃത്തത്തിലും പദ്യം ചൊല്ലലിലും അൽഫോൻസ പങ്കെടുത്തിരുന്നു.



*കഥാപ്രസംഗ മത്സരത്തിൽ എ ഗ്രേഡ് കരസ്ഥമാക്കിയ അൽഫോൻസ തോമസ്.*

## ലഹരി വിമുക്ത നവകേരളം; ഫ്ളാഷ് മോബ് അവതരിപ്പിച്ചു


അപർണ രമേശ്


കരിക്കോട്ടക്കരി: ലഹരിവിമുക്ത നവകേരളം ലക്ഷ്യമാക്കി സംസ്ഥാന ഗവൺമെന്റും കേരള വിദ്യാഭ്യാസ വകുപ്പും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന ജാഗ്രത പദ്ധതിയുടെ ഭാഗമായി കരിക്കോട്ടക്കരി സെന്റ് തോമസ് യു.പി സ്കൂളിലെ കുട്ടികൾ കരിക്കോട്ടക്കരി ടൗണിൽ ഫ്ളാഷ് മോബ് അവതരിപ്പിച്ചു.

കുട്ടികളിലെ ലഹരി ഉപയോഗം തടയുക, അവരിൽ ലഹരിക്കെതിരായി ജാഗ്രത പുലർത്തുക എന്നീ ലക്ഷ്യത്തോടെ നടത്തിയ പരിപാടി പ്രധാനാധ്യാപിക എസ് എൻ സൂസമ്മ ഉദ്ഘാടനം ചെയ്തു. ജാഗ്രത പരിപാടിയുടെ ഭാഗമായി 2023 – 24 സാമ്പത്തിക വർഷത്തിൽ 45 ലക്ഷം രൂപയാണ് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി കേരള സർക്കാർ അനുവദിച്ചിട്ടുള്ളത്. പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ജില്ലയിൽ നിന്നും 10 സ്കൂളുകളെ വീതം തിരഞ്ഞെടുത്ത് ഈ സ്കൂളുകളിലും പരിസര പ്രദേശങ്ങളിലും ലഹരി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

തലശ്ശേരി വിദ്യാഭ്യാസ ജില്ലയുടെ കീഴിലെ ഓരോ സ്കൂളിലെയും ഓരോ അധ്യാപകർക്കു വീതം ലഹരി വിമുക്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശീലനം നൽകിയിരുന്നു. ജാഗ്രത പദ്ധതിയുടെ ഈ വർഷത്തെ പ്രഥമ പരിപാടിയാണ് ഈ ഫ്ളാഷ് മോബ്. സ്കൂൾ തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ ക്ലാസ്സിലെയും രണ്ടു കുട്ടികളടങ്ങുന്ന ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ആന്റി ഡ്രഗ്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ബോധവൽകരണ ക്ലാസ്സുകളും നടത്തിവരുന്നു'. പ്രധാനാധ്യാപിക എസ് എൻ സൂസമ്മ പറഞ്ഞു.

*ജാഗ്രത പദ്ധതിയുടെ ഭാഗമായി കരിക്കോട്ടക്കരി സെന്റ് തോമസ് യു. പി സ്കൂളിലെ കുട്ടികൾ അവതരിപ്പിച്ച ഫ്ളാഷ് മോബ്*



## എഡിറ്റോറിയൽ

# സ്ത്രീധനത്തിൽ ഒടുങ്ങുന്ന ജീവിതം

ക്രൈം റിക്കോർഡ്സ് ബ്യൂറോ അടുത്ത ദിവസം പുറത്തുവിട്ട റിപ്പോർട്ട് അനുസരിച്ച് സ്ത്രീധന സമ്പ്രദായം മൂലം 2022 ൽ കേരളത്തിൽ 12 സ്ത്രീകളാണ് കൊല്ലപ്പെട്ടത്. 1961 ൽ സ്ത്രീധന നിരോധന നിയമം പാസ്സാക്കിയ ഇന്ത്യയിലെ വിദ്യാസമ്പന്നമായ ഒരു സമൂഹത്തിൽ നിന്നാണ് ഇത്തരത്തിലുള്ള നീച പ്രവർത്തികൾ ഉണ്ടാവുന്നത് എന്നത് ലജ്ജാവഹമാണ്. അൻപത് പവൻ സ്വർണ്ണവും അൻപതു ലക്ഷം രൂപയും ലക്ഷ്വറി കാറും വച്ച് സ്ത്രീധന വിലപേശലിലൂടെ സ്ത്രീയെ ഒരു കച്ചവട വസ്തുവായി കൈമാറ്റം ചെയ്യപ്പെടുന്നു. വിവാഹ ജീവിതത്തിൽ സ്ത്രീയെ ഒരു തുല്ല്യ പങ്കാളിയായി കാണാൻ പലർക്കും സാധിക്കുന്നില്ല എന്നത് യഥാർത്ഥ പ്രശ്നമാണ്. അതിന് ഉദാഹരണമാണ് കേരളത്തിലെ 28 കുടുംബ കോടതികളിലായി കുമിഞ്ഞു കൂടിയിരിക്കുന്ന ഗാർഹിക പീഡന കേസുകൾ.

വളർന്നു വരുന്ന മകളെ ഓർത്ത് അച്ഛൻ ആകുലപ്പെടുന്നത് അവൾക്ക് എന്ത് കൊടുക്കും എന്നതിലാണ്. പ്രതാപവും പൊങ്ങച്ചവും കാട്ടാൻ കടം വാങ്ങിയും കിടപ്പാടം വിറ്റുംവരെ വലിയ തുകകൾ സ്ത്രീധനമായി കൊടുക്കുന്നു. മകളുടെ ജീവിതം ബാസുരമാകും എന്ന് കരുതി ആശ്വസിക്കാൻ വരട്ടെ കിട്ടിയത് കുറഞ്ഞുപോയെന്നും കിട്ടാൻ ബാക്കിയുള്ളതിനെച്ചൊല്ലിയും പീഡനങ്ങൾ ആരംഭിക്കുന്നു. പവിത്രമായ വിവാഹ ബന്ധത്തെ പാമ്പിനെകൊണ്ട് കൊത്തിച്ച് തീർക്കുവാനും മടികാട്ടാത്തവർ കൂട്ടത്തിലുണ്ട്. നിയമപരമായി രണ്ടുപേർക്ക് ഒന്നിച്ച് ജീവിക്കുവാൻ ഒരു ഒപ്പിന്റെ മാത്രം ആവശ്യം നിൽകുമ്പോൾ അനാവശ്യമായി ദിവസങ്ങൾ നീണ്ടു നിൽക്കുന്ന ആഘോഷങ്ങളും ആർഭാട ചിലവുകളും ഒഴിവാക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ രംഗത്തും കലാരംഗത്തും വലിയ വലിയ നേട്ടങ്ങൾ നേടിയ യുവതികൾ പോലും സ്ത്രീധനത്തിനു മുമ്പിൽ തല കുനിച്ച് ജീവിതം ഒടുക്കുന്നത് കാണുമ്പോൾ സ്ത്രീധനത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കേണ്ടിയിരിക്കുന്നു. നിശബ്ദം സഹിച്ചും ക്ഷമിച്ചും അടിമയെപ്പോലെ ജീവിക്കില്ലെന്ന് ഓരോ പെൺകുട്ടിയും മനസ്സിൽ ഉറപ്പിക്കേണ്ടിയിരിക്കുന്നു. മതസാംസ്കാരിക സംഘടനകളും യുവജന കമ്മീഷനും വനിതാ കമ്മീഷനും സ്ത്രീധന വിരുദ്ധ പോരാട്ടം വീണ്ടും മുഖ്യ അജണ്ടയാക്കി മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേരളത്തിൽ അപമാനമായി മാറുന്ന സ്ത്രീധന വിവാഹങ്ങളെ നിരാഹരിക്കാനും ബഹിഷ്കരിക്കാനും സമൂഹത്തിലെ ഓരോ വ്യക്തിയും ഉത്തരവാദിത്വം കാണിക്കുക. അല്ലാത്ത പക്ഷം സ്ത്രീധന വിപത്തിനെതിരെ ഇരയായി മരിക്കുന്ന പെൺകുട്ടികൾക്കു വേണ്ടി നമ്മളൊഴുക്കുന്ന കണ്ണുനീർ വ്യാജമാണ്. ജഡമായി വരുന്ന മകളെക്കാൾ നല്ലത് വിവാഹമോചിതയായി വരുന്ന മകളാണ്. ഓർക്കണം മകളാണ്.

– എഡിറ്റർ

# പാട്ടുകളുടെ കൂട്ടുകാരൻ

ജോമോൾ ജോർജ്ജ്

*മണിനാദം മുഴങ്ങുന്ന സമയമിതാ... ബലിയർപ്പണത്തിൻ നിമിഷമിതാ...* ഒരു പാട്ടുകൂടി റിലീസായതിന്റെ ആനന്ദനിർവൃതിയിലാണ് വാണിയപ്പാറ സ്വദേശി ലോജേഷ് വാളിമലയിൽ. ചെറുപ്പം മുതലെ പ്രാർത്ഥനാജീവിതത്തോട് താൽപര്യം പുലർത്തിയിരുന്ന ലോജേഷിന്ന് ക്രിസ്തീയ ഭക്തിഗാനരചന രംഗത്ത് നിറസാന്നിധ്യമാണ്.



ലോജേഷ് 2022 ഡിസംബറിലാണ് ഗാനരചനാ രംഗത്തേക്ക് കടന്നു വരുന്നതെങ്കിലും ഇതുവരെ നൂറ്റിയിരുപത് ഗാനങ്ങൾ രചിച്ചു. ഇരുപതു ഗാനങ്ങൾ റെക്കോഡിംഗ് പൂർത്തിയാക്കി. ഇവയിൽ *വിശുദ്ധീകരണത്തിൻ ബലിവേദിയിൽ...കാൽവരിക്കുന്നിലെ ബലിവേദിയിൽ....ആവേ മരിയാ മരിയാംബികേ....ജീവൻ ബലിയായി നൽകിയ നാഥാ...*തുടങ്ങിയ ആറു ഗാനങ്ങൾ റിലീസ് ആയിട്ടുണ്ട്.

'ആദ്യമൊക്കെ റിലീസിംഗ് എങ്ങനെ പൂർത്തിയാക്കും എന്ന് ഓർത്ത് ടെൻഷൻ അടിച്ചെങ്കിലും ദൈവപരിപാലനയാലും ധാരാളം നല്ല ഉപകാരികളുടെ സഹായത്താലും എല്ലാം ചെയ്യാൻ കഴിഞ്ഞു. തുടർന്നും ധാരാളം ഗാനങ്ങൾ രചിച്ച് കൂടുതൽ ആളുകളിലേക്ക് എത്തിക്കുക, ഇവയിലൂടെ ലഭിക്കുവരുമാനം ഏറ്റവും ആവശ്യമായിരിക്കുന്നവർക്കായി നൽകുക എന്നതാണ് ആഗ്രഹം' ലോജേഷ് പറയുന്നു.

പിതാവ് ബെന്നി, മാതാവ് ആലീസ്, സഹോദരങ്ങൾ ജ്യോതിഷ്, ജോബീഷ് എന്നിവരടങ്ങിയ കുടുംബമാണ് ലോജേഷിന്റേത്. കുടുംബത്തിന്റെ പിന്തുണയും സഹായവുമാണ് ഗാനരചനാ രംഗത്ത് ഇത്രയും ശോഭിക്കുവാൻ കഴിഞ്ഞതെന്ന് ലോജേഷ് അഭിമാനത്തോടെ പറയുന്നു. വാണിയപ്പാറയിൽ പിക് അപ്പ് ലോറി ഡ്രൈവറായി ജോലി ചെയ്യുകയാണ് ലോജേഷ്.

# അറിയിപ്പുകൾ

### 1. കൗമാരക്ലാസ്സ്

എല്ലാ ശനിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ അയ്യൻകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കൗമാരക്കാരായ കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തപ്പെടുന്നു.

### 2. ഫോർ ദി പീപ്പിൾ

സർക്കാർ ഓഫീസുകളിൽ നിന്നു ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ചുള്ള പരാതികളും നിർദേശങ്ങളും www.pg/sgd.kerala .gov.in എന്ന വെബ്സൈറ്റ് വഴി പൊതു ജനങ്ങൾക്ക് അറിയിക്കാവുന്നതാണ്.

### 3. വായ്പാ അദാലത്തുകൾ

അങ്ങാടിക്കടവ് ഗ്രാമീണ ബാങ്കിൽ വച്ച് വായ്പാ അദാലത്തുകൾ നടത്തുന്നു. കുടിശ്ശിക ഇളവുചെയ്ത് ലോൺ തീർപ്പാക്കൽ നടത്താൻ തയ്യാറാകുന്നവർക്ക് ഡിസംബർ മാസത്തിലെ ബുധനാഴ്ചകളിൽ നടത്തുന്ന അദാലത്തിൽ പങ്കെടുക്കാം.

# ഒരുമയോടെ... തിരികെ സ്കൂളിലേക്ക്

ജോമോൾ ജോർജ്ജ്

അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് സി. ഡി. എസിന്റെ നേതൃത്വത്തിൽ കുടുംബശ്രീ അയൽക്കൂട്ട ശാക്തീകരണ ക്യാമ്പയിൻ 'തിരികെ സ്കൂളിലേക്കിന്റെ' മീറ്റിങ്ങും സമാപന സമ്മേളനവും സെന്റ് ജോസഫ്സ് എൽ പി സ്കൂളിൽ നടന്നു. പഞ്ചായത്തിലെ 16 വാർഡുകളിലും പൂർത്തിയാക്കിയ ഈ പദ്ധതിയുടെ സമാപന സമ്മേളനം കണ്ണൂർ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയി കുര്യൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ കുടുംബശ്രീ അംഗങ്ങളുടെ ഉന്നമനത്തിനു വേണ്ടി കുടുംബശ്രീ മിഷൻ ആരംഭിച്ച പരിപാടിയാണ് തിരികെ സ്കൂളിലേക്ക്. കുടുംബശ്രീ സംഘടനാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, അംഗങ്ങൾക്ക് മാനസിക ഉല്ലാസം നൽകുക, ഡിജിറ്റൽ മീഡിയ കൈകാര്യം ചെയ്യാൻ



*സമാപന സമ്മേളനം കണ്ണൂർ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയി കുര്യൻ ഉദ്ഘാടനം ചെയ്യുന്നു.*

പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി 2023 ഒക്ടോബർ 1 നാണ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തത്.

അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, എടപ്പുഴ സെന്റ്.ജോസഫ്സ് ചർച്ച് വികാരി ഫാ.പോൾ ചക്കാനിക്കൽ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സീമ സനോജ്, വാർഡ് മെമ്പർ സിബി വാഴക്കാലായിൽ, കുടുംബശ്രീ ചെയർപേഴ്സൺ മിനി സതീശൻ, എടപ്പുഴ വാർഡ് മെമ്പർ ഷൈനി വർഗീസ്, എടപ്പുഴ എ ഡി എസ് കൃഷ്ണമ്മ മനുക്കുട്ടൻ തുടങ്ങിയവർ പ്രസംഗിച്ചു. പതിമൂന്നു കുടുംബശ്രീകളിൽ നിന്നും 117 അംഗങ്ങൾ പങ്കെടുത്തു.

# വികസിത് ഭാരത് സങ്കൽപ്പ യാത്ര പര്യടനം

ജോമോൾ ജോർജ്ജ്

കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന വികസിത് ഭാരത് സങ്കൽപ്പ യാത്രാ പര്യടനം അയ്യൻകുന്ന് പഞ്ചായത്തിൽ എത്തുന്നു. കേന്ദ്ര സർക്കാരിന്റേയും ഗ്രാമീണ ബാങ്കിന്റേയും സംയുക്ത സഹകരണത്തോടെ നടത്തുന്ന പര്യടനം ജനുവരി 11 ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെത്തും.

2023 നവംബർ 15 മുതൽ 2024 ജനുവരി 26 വരെ രാജ്യവ്യാപകമായി എല്ലാവരിലേക്കും ലഭ്യമായ ആനുകൂല്യങ്ങളെക്കുറിച്ചും വിവിധ സൗകര്യങ്ങളെക്കുറിച്ചും അവബോധം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പര്യടനമാണ് വികസിത് ഭാരത് സങ്കൽപ്പ പര്യടന യാത്ര. പര്യടനത്തിൽ കേന്ദ്രം നടപ്പാക്കുന്ന പതിനേഴോളം വികസന പദ്ധതികളെക്കുറിച്ച് ബോധവൽക്കരണവും അർഹരായവർക്ക് ആനുകൂല്യവിതരണവുമുണ്ട്.

പി എം കിസാൻ സമ്മാൻ, കിസാൻ ക്രെഡിറ്റ് കാർഡ്, ജൻ ധൻ യോ ജന,അടൽ പെൻഷൻ യോജന, പി എം സാമൂഹിക സുരക്ഷ, പി എം ഉജ്വൽ യോജന തുടങ്ങി വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളുടെ അനുഭവവും പര്യടനത്തിൽ പങ്കുവയ്ക്കുന്നുണ്ട്.

# ജീവിതശൈലീ രോഗനിർണ്ണയ ക്യാമ്പ്



അപർണ രമേശ്

അയ്യൻകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള വിവിധ ഉപകേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗനിർണ്ണയ ക്യാമ്പുകൾ നടത്തപ്പെടുന്നു. അങ്ങാടിക്കടവ്, ഈന്തുംകരി, വാണിയപ്പാറ, കച്ചേരിക്കടവ്, ചരൾ തുടങ്ങിയ ഉപകേന്ദ്രങ്ങളിൽ ഓരോ ഉപകേന്ദ്രങ്ങളിലെയും ആശാവർക്കർമാരുടെയും ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും നേതൃത്വത്തിൽ ആഴ്ചയിലൊരു ദിവസം പരിശോധന നടത്തപ്പെടുന്നു. 30 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ സ്ക്രീനിങ്ങിലൂടെ ജീവിതശൈലീരോഗ സാധ്യതകളുള്ള ആളുകളെ കണ്ടെത്തി വിദഗ്ധ പരിശോധനയ്ക്ക് നിർദേശിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നു. 'ജീവിതശൈലിരോഗങ്ങളെക്കുറിച്ച് കാര്യമായി അറിവില്ലാത്തതും അവയുടെ ഗൗരവം മനസിലാക്കി ചികിത്സ നേടാത്തതും വലിയ ബുദ്ധിമുട്ടിനു കാരണമാകും. അതുകൊണ്ട് ഇത്തരം രോഗനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുത്ത് ആരോഗ്യനിലവാരം മെച്ചപ്പെടുത്തേണ്ടതാണ്.' ഹെൽത്ത് ഇൻസ്പെക്ടർ വി വി രാജേഷ് പറഞ്ഞു.

# അങ്ങാടിപത്രം വാട്സപ്പിലേക്ക്

പ്രിയ, അങ്ങാടിപത്രത്തിന്റെ വായനക്കാരെ... ഓൺലൈൻ പ്രസിദ്ധീകരണത്തിന്റെ ഭാഗമായി അങ്ങാടിപത്രം ഇനി മുതൽ നിങ്ങളുടെ വാട്സപ്പിൽ ലഭ്യമാകുന്നതാണ്. വാട്സപ്പ് ഗ്രൂപ്പിൽ അംഗമാകുവാൻ ചുവടെ കൊടുത്തിരിക്കുന്ന ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക. നിങ്ങളുടെ സഹകരണത്തിന് പ്രത്യേക നന്ദി.

- ചീഫ് എഡിറ്റർ




അങ്ങാടിപത്രം

ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

എഡിറ്റോറിയൽ ടീം: ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് | എഡിറ്റർ ഇൻ ചാർജ്: പ്രിൻസ് ജോസഫ് |സബ് എഡിറ്റേഴ്സ്: ജോമോൾ ജോർജ്ജ്, അപർണ രമേശ് | ഫോട്ടോഗ്രാഫേഴ്സ്: ജോമോൾ ജോർജ്ജ്, പ്രിൻസ് ജോസഫ്, അപർണ രമേശ് | ഡിസൈൻ: പ്രിൻസ് ജോസഫ്.|